# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4439** **01-07-2024 - ൽ മറുപടിയ്ക്ക്**

### ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന് കീഴിലുള്ള ഭൂമി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിന് കീഴിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളത്; അതിൽ എത്ര ഭൂമി വ്യവസായത്തിനായി വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്; | (എ) | ഒറ്റപ്പാലം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിന് കീഴിൽ ആകെ 81.89 ഏക്കർ ഭൂമിയാണുള്ളത്. അതിൽ സംരംഭകർക്ക് അനുവദിക്കാനാവുന്ന 45.21 ഏക്കർ ഭൂമിയിൽ 15 ഏക്കർ ഭൂമി വ്യവസായത്തിനായി വിവിധ കമ്പനികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കിൻഫ്രയുടെ ബഹുനില കെട്ടിട സമുച്ചയത്തിലടക്കം 46 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | 2024-25 വർഷത്തെ ബഡ്ജറ്റിൽ ഒറ്റപ്പാലം കിൻഫ്രയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഉണ്ട്;<br>2024-25 വർഷത്തെ ബഡ്ജറ്റിൽ ബഹുനില കെട്ടിടസമുച്ചയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ ഒറ്റപ്പാലത്തെ കിൻഫ്ര വ്യവസായ പാർക്കിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ